ശ്രീ ഇ. ടി. മുഹമ്മദ് ബഷീർ :

,, കൊരംപയിൽ അഹമ്മദ് ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുമട്ടുതൊഴിലാളിക്ഷേമനിധി ബോർഡിൽ ഇപ്പോൾ എത്ര താൽക്കാലിക ജീവനക്കാരുണ്ട് ;

(ബി) ഇതിൽ ഗസറ്റഡ് എത്ര ; നോൺ ഗസറ്റഡ് എത്ര ; ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ എത്ര ?

(സി) ഇവരുടെ ജാതി തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 66 പേർ. എന്നാൽ ഗവൺമെന്റ് ഉത്തരവനുസരിച്ച് 83 പേർക്കാണ് അനുവാദമുള്ളത്. എന്നാൽ ആവശ്യമായ യോഗ്യതയുള്ള അപേക്ഷകരെ ലഭിക്കാത്തതുമൂലം 9 മുസ്ലീങ്ങളുടെയും 6 പട്ടികജാതിക്കാരുടെയും ഒരു പട്ടികവർഗ്ഗത്തിന്റെയും പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും അവരുടെ പേരുകൾ വരുത്തി നിയമനം നടത്തുന്നതാണ്.

(ബി) ഗസറ്റഡ് ജീവനക്കാർ ഇല്ല. നോൺ ഗസറ്റഡ് തസ്തികയിൽ അറുപത്തിയാറു പേരുണ്ട്. ലാസ്റ്റ് ഗ്രേഡ് ജീവനക്കാരാരുമില്ല.

(സി) താൽക്കാലിക ജീവനക്കാരുടെ ജാതിതിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു.

ഈഴവ	—	37
നായർ	—	11
മുസ്ലീം	—	2
വാണിയൻ	—	2
നാടാർ	—	1
എസ്.ഐ.യു.സി നാടാർ	—	1
ക്രിസ്ത്യൻ	—	5
ലാറ്റിൻകാത്തലിക്	—	3
ധീവര	—	1
പട്ടികജാതി	—	1
അദർ കൺവർട്ട്സ് ക്രിസ്ത്യൻ	—	1
വിശ്വകർമ്മ	—	1
മൊത്തം	—	66

കൺസ്ട്രക്ഷൻ വർക്കേഴ്സ് ക്ഷേമനിധി കമ്മീഷന്റെ റിപ്പോർട്ട്

316. [394] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്ട്രക്ഷൻ വർക്കേഴ്സ് ക്ഷേമനിധി കമ്മീഷന്റെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നതിലുള്ള കാലതാമസത്തിന് കാരണം എന്താണെന്നു വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തി, കൺസ്ട്രക്ഷൻ തൊഴിലാളി മേഖലയിലെ യൂണിയനുകളുമായി ചർച്ച ചെയ്യുന്നതിന് അടിയന്തിരനടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രസിദ്ധീകരിച്ചു.
(ബി) ഉടിക്കുന്നില്ല.
(സി) തൊഴിലാളി സംഘടനകളുടെ അഭിപ്രായം കൂടി കണക്കിലെടുത്തുകൊണ്ടുള്ള റിപ്പോർട്ടാണ് കമ്മീഷൻ സമർപ്പിച്ചത്. അതിന്റെ അടിസ്ഥാനത്തിലുള്ള കരടുനിയമമാണ് ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലുള്ളത്.

നിർമ്മാണ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി

317. [395] ശ്രീ. കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കെട്ടിടം-റോഡ്-പാലം അണക്കെട്ടുകൾ തുടങ്ങിയ രംഗത്തെ നിർമ്മാണ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിനെപ്പറ്റിയുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നാണ് റിപ്പോർട്ട് ലഭിച്ചത് ;
(സി) റിപ്പോർട്ട് സർക്കാർ പരിശോധിച്ചു കഴിഞ്ഞുവോ ;
(ഡി) എങ്കിൽ ക്ഷേമനിധി ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനം എന്നു മുതൽ ആരംഭിക്കും?

ഉത്തരം

(എ) ഉണ്ട്.
(ബി) 8-7-1985.
(സി) കഴിഞ്ഞു.
(ഡി) കരടുനിയമം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

കെട്ടിട നിർമ്മാണ തൊഴിലാളികൾക്കനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ

318. [396] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1923-ലെ വർക്കുമെൻ കോംപൻസേഷൻ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ സംസ്ഥാനത്തെകെട്ടിട നിർമ്മാണ രംഗത്തെ തൊഴിലാളികൾക്ക് അനുവദിച്ചു വരുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ ; പ്രസ്തുത നിയമപ്രകാരം ജോലിയിൽ അപകടം സംഭവിക്കുകയോ അംഗഭംഗം സംഭവിക്കുകയോ ചെയ്യുന്ന കൺസ്ട്രക്ഷൻ തൊഴിലാളികൾക്ക് കോമ്പൻസേഷൻ നല്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ .

ഉത്തരം

(എ ആൻഡ് ബി) 1923-ലെ വർക്കുമെൻ കോംപൻസേഷൻ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ചില പരിമിതികൾക്കു വിധേയമായി കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്.

കാഷ്വൽ സ്വഭാവത്തിലുള്ള തൊഴിലാളികൾക്കും തൊഴിലുടമയുടെ വ്യാപാരത്തിനോ വ്യവസായത്തിനോ അല്ലാതെ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളിക്കും ഈ ആക്ട് അനുസരിച്ചുള്ള കോംപൻസേഷൻ ലഭ്യമല്ല. സ്വന്തമായി കെട്ടിടം വയ്ക്കുന്ന ഒരാൾ നേരിട്ടു പണി ചെയ്യിപ്പിക്കുന്ന തൊഴിലാളിക്കും ഈ ആനുകൂല്യം ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly